**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5437** **12-08-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കോൺട്രാക്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ സ്മാർട്ട് കോൺട്രാക്ട് പദ്ധതി വിജയകരമാണോ; പദ്ധതി പുരോഗതി വ്യക്തമാക്കുമോ? | (എ) | രജിസ്ട്രേഷൻ വകുപ്പിൽ സ്മാർട്ട് -കോൺട്രാക്ട് പദ്ധതി വിജയകരമാണ്. Kerala Development and Strategic Innovation Council (K-DISC)–ന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ, ലാന്റ് റവന്യൂ, സർവ്വെ & ലാന്റ് റെക്കോർഡ്സ് എന്നീ 3 പ്രധാന വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ട് പദ്ധതിയുടെ പ്രാരംഭ ഘട്ട പഠനങ്ങൾ K-DISC പൂർത്തിയാക്കുകയും ഓരോ വകുപ്പിനും പദ്ധതിയിലുള്ള ചുമതലകൾ വിശദമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ പരീക്ഷണ പരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ വില്ലേജുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈപദ്ധതി പ്രാബല്ല്യത്തിൽ വരുന്നതോട് കൂടി “സ്മാർട്ട് കോൺട്രാക്റ്റ്” എന്ന ആശയം നടപ്പിലാകുന്നതാണ്. |

സെക്ഷൻ ഓഫീസർ